## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5904 04.11.2016 – ൽ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിലെ അഴിമതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2011 - 2016 കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം അഴിമതികളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദ വിവരങ്ങൾ നൽകുമോ ; | (എ) 2011 - 2016 കാലയളവിൽ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ കീഴിൽ 420 – ഓളം പ്രവൃത്തികളിൽ വീഴ്ചകൾ സംബന്ധിച്ചും മറ്റ് ക്രമക്കേടുകൾ സംബന്ധിച്ചുമുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ, ടെൻഡർ നടത്തിപ്പിലെ ക്രമക്കേടുകൾ, റോഡ് ടാറിംഗിലെ അഴിമതി, ഉദ്യോഗസ്ഥരുടെ അനധികൃത സ്വത്ത് സമ്പാദ്യം എന്നിവ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അഴിമതികൾ സംബന്ധിച്ച അന്വേഷണങ്ങളുടെ വിശദവിവരം നൽകുമോ ; ഇതിൽ എത്ര എണ്ണം വിജിലൻസിന്റെ പരിഗണനയിലാണ് ; വ്യക്തമാക്കുമോ ? | (ബി) | പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷിച്ചതിൽ 280 - ഓളം എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ട്. അതിൽ 120 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മിന്നൽ പരിശോധനകൾ - 86<br>വിജിലൻസ് അന്വേഷണങ്ങൾ - 8<br>സത്വരാന്വേഷണങ്ങൾ - 35<br>വിജിലൻസ് കേസുകൾ - 4<br><br>നിലവിൽ 35 വിജിലൻസ് കേസുകൾ, 4 വിജിലൻസ് അന്വേഷണങ്ങൾ, 16 സത്വരാന്വേഷണങ്ങൾ, 17 മിന്നൽ പരിശോധനകൾ എന്നിവ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ